The Government of India has accepted the Tariff Board's recommendation that the existing protective duty on potassium permanganate shall be replaced by a revenue duty with effect from April 1, 1950. The Board is of the opinion that the output of the indigenous industry is only two-fifths of the rated capacity and meets only one-tenth of the estimated demand in the country.

**Newsprint Mill:**

The Minister for Industry and Supply recently revealed in Parliament that a newsprint mill with an annual capacity of 30,000 tons is being built in Madhya Pradesh. The requisite quantities of steel and cement have been allotted for this purpose, and construction is proceeding satisfactorily. Facilities have also been given for the import of machinery from the U. S. A.

**Petrol Consumption:**

Consumption of petrol has increased considerably in the recent years. In 1940 the monthly consumption including military indents was 8½ million gallons for the whole of undivided India. At present the consumption on the basis of rationing is estimated at 12 million gallons excluding military consumption. The number of petrol driven vehicles is now put at more than 2,84,000 as against 1,70,000 in 1940. Calculated on the basis of 1,000 gallons per vehicle per year, the total requirement comes to about 284 million gallons. Consumption has been restricted to nearly 50% of the requirements. During the second half of 1949, 74 million gallons were allotted for civil consumption. The oil companies demanded a monetary allocation of Rs. 787.85 lakhs for the first half of this year. This amount would have enabled the companies to import about 112.56 million gallons. The Government however, has not been in a position to accede to this demand in view of the scarcity of foreign exchange. Monetary ceiling for this period has been fixed on the basis of 83 million gallons entailing an extra expenditure of Rs. 597. lakhs compared with the second half of 1949.

**LABOUR.**

**Employment Situation:**

January returns of Employment Exchanges reveal that a large number of vacancies were filled in private firms than in Government Departments. The shortage of trained workers continued particularly with regard to turners, mechanists, electricians, draughtsmen, nurses, trained teachers and compounders. On the other hand, there was a surplus of inexperienced matriculates and graduates aspiring for clerical jobs. Placing totalled 19,328 as against 19,505 in December 1949. This decline is attributed to less employment avenues in Delhi and Punjab. The placings in Madras, Madhya Pradesh and West Bengal were, however, higher than in the previous month. In the Uttar Pradesh, a decasualisation scheme for textile and industrial labour was introduced by the State Government. Under this scheme, a "pool" of unemployed workers has been formed. Employers

are required to recruit workers from this pool. When the pool is unable to provide the required men, the vacancies are filled by other workers registered with the Employment Exchanges.

**Trade Union Organisations.**

The Labour Minister recently revealed in Parliament that the comparative strength of the I. N. T. U. C., Hind Mazdoor Sabha and A. I. T. U. C, as claimed by them in June, 1949, was: I. N. T. U. C. 853 unions with a membership of 11,99,629, Hind Mazdoor Sabha 413 unions with 6,46,921 members and A. I. T. U. C. 744 unions with 5,27,662 members. These figures have not been verified by the Government of India. The Government of India has on every occasion invited all the three organisations to international conferences. As, however no organisation has found it possible to agree with other organisations in this respect, the Government has had to accept the nominations of the most representative of the three organisations.

**Agricultural Labour Enquiry.**

In reply to another question, the Labour Minister said that as there was no reliable data which could be used as a basis for the fixation of minimum wages for agricultural workers by the States Governments, it was decided with their concurrence to conduct an inquiry into the conditions of agricultural workers in villages selected according to the principles of stratified random sampling. For the purpose of this inquiry, the country has been divided into 20 administrative units each under the charge of a supervisor with a number of investigators and other staff. So far 16 units have been raised and about 700 villages have been selected. The main inquiry has commenced in most of the States. The Committee of Economists and Statisticians of the Cabinet Secretariat recommended that the inquiry should proceed gradually and accordingly a preliminary inquiry was conducted in 27 selected villages in the States of Assam, West Bengal, Bihar, Orissa, the U. P., Madhya Pradesh, Madras and Mysore.

**I. L. O. Regional Training:**

It is reported that the I. L. O. proposes to organise a series of regional training institutes under the auspices of the Asian field office on technical training at Bangalore. The main purpose of the programme is to give training to officials of Asian Governments in methods of vocational training so that they may organise vocational centres in their respective countries. In giving these courses, special attention will be paid to the peculiar needs of the region. The I. L. O. will assume financial responsibility for organizing the courses. The first course will last six months and the others three months each. It is proposed that the first regional training programme should include training of T. W. I. (training within industry) institute conductors; vocational instructors' training; and apprenticeship administration and organization of national training programmes.

**Sulphate of Ammonia from U.S.S.R.**

Australian Government is examining the possibility of securing urgently needed supplies of sulphate of ammonia from Russia. Sulphate of ammonia is used as a fertiliser for sugar, tobacco and other crops.

Minister for Commerce, Mr. McEwen, said that small quantities of sulphate of ammonia were produced in Australia, and in the past these had

been supplemented with imports from Britain and. Russia. The British Government had indicated that it could not increase supplies to Australia.

## New Cloth With Bushland Smell.

For the first time, the aroma of the Australian bush (jungle) has been permanently impregnated in cloth.

Presentation of 'Harex' tweed incorporating this aroma aroused interest at the Australian Fashion Fair, staged in Melbourne.

The specimen tweed is named 'Mallee', a rich earthy brown. Its aroma is elusive. In the street it is imperceptible; but when a suit is hung in a wardrobe it gives off the fresh, sweet aroma of an Australian fern gully.

At Geelong, extensive research has finally produced a satisfying result. In the early stages failure met every experiment. Eventually, the company appealed to the public for suggestions, and tweed with an aroma of the bushland is the result.

The manufacturers assert that the aroma will remain for the life of the cloth. Already the innovation has attracted attention, and heavy orders for the cloth are reported.

## Manufacture of Chloromycetin:

A full-scale plant for the manufacture of synthetic chloromycetin has been completed at the Parke Davis & Co's Laboratories, U. S. A.

The starting raw material is p-nitrobrom-acetophenone which is first condensed with hexamethylenetetramine, then hydrolysed with ethyl alcohol and hydrochloric acid, and acetylated with acetic anhydride and sodium acetate. The resulting product is subjected to hydroxymethylation with formaldehyde and sodium bicarbonate, the product reduced with aluminium isopropylate, then hydrolysed with hydrochloric acid. Following neutralization with caustic soda, the isomer mixture resulting is separated by reaction with d-camphorsulphonic acid, the desired isomer recovered by neutralization with caustic soda, and the resulting product reacted with methyldichloracetate to yield chloromycetin.

The biological method of manufacture is by growing *streptomyces venezuelac* in nutrient medium consisting of wheat gluten, glycerine and sodium carbonate and sodium chloride, prepared in one of the seven 50-gal. pre-seed Inconel-clad tanks provided with the jacket for steam or chilled water and air sparger. The nutrient medium is diluted to needed strength with deionized water and inoculated sterilized. The culture grows under sterile air agitation and the temperature is controlled at about 86°F.

As soon as fermentation of one of the pre-seed charges has been completed, the tank contents are blown to one of the seed tanks, freshly charged with sterile medium. Air is bubbled through the sparger to raise the internal pressure, under control of a back-pressure vent valve, to about 10 psig. and keeping the contents agitated. When a seed tank charge has been propagated to the optimum point, it is blown with sterile air to one of the 5,000 gal. fermenters charged with sterile nutrient medium. Here, fermentation proceeds for about 76 hr. When fermentation is completed, the contents of the fermenter are discharged by air pressure to 3,000 gal. Inconelined tanks which serviee as feed tanks for the filters. Here filter acids and decolourizing materials

are added. Broth accumulated in aluminium holding tanks is pumped to a centrifugal counter-current extractor, where the chloromycetin is extracted in amyl acetate. For this purpose the extractor which maintains contact between counter-flowing phases of two immescible liquids, at the same time separating the phase by centrifugal force, is used. The throughput rate for the extractor is about 360 gal. per hour of combined liquids, and the total time required for a single batch of broth is about 14 hr. The chloromycetinacetate concentrate from the extractor is collected in a 1,500-gal. tank of stainless steel and then is concentrated further, to about 40 gal. in an Inconel natural-circulation evaporator operated under a 0.3 in. vacuum. Operating temperature is less than 100°F. The acetate condensed is returned to process.

The concentrate is washed with acid, alkali and water and then charged into a small glass vacuum crystallizer where the remaining amyl acetate is vaporized and condensed at 100°F., and the residue, containing the crude chloromycetin crystals, is reduced to a volume of about 1 gal. The crude crystal containers are carried to a refrigerated room where they are held for 8 hr. at 40°F. The material is then mannually filtered on a stoneware suction filter and the partially purified crystals are charged in trays into a vacuum dryer for removal of the remaining solvent. From the dryer, 6 batches of crystals are combined and charged to a 200-gal. recrystallizer, provided with low-pressure steam on the jacket. The crystals are slurried with about 70 gal. of water and mixed with one-tenth their weight of decolourizing carbon. Upon heating to 200°F., they go into solution in the water. The slurry is then dropped hot to a 12 in. Shriver plate-and-frame filter press which has been pre-heated. The clarified solution is further treated in a heated Selas ceramic filter and the hot concentrate then flows to an open 75-gal. crystallizing tank equipped with a jacket. Here the crystallization is completed at about 40°F., using chilled water on the jacket. The finally purified crystals are removed to an atmospheric tray dryer and finally to a micro pulverizer for reduction.

Although the synthetic process is relatively complex, involving 10 reactions and a total of about 30 steps (not including various recovery operations), it has a number of advantages compared to the biological process. It requires much less operating space for a comparable output, and it is free from contamination problems.

**Manufacture of Formaldehyde.**

The usual method for the production of formaldehyde from methyl alcohol has been modified to make possible the recovery of hydrogen and its re-use for the synthesis of alcohol.

Dehydrogenation of alcohol by passage through a copper tube heated by an electric circuit, preferably in the presence of water vapour to avoid poisoning of the catalyst, provides a method for the recovery of



UNIVERSITY LIBRA

hydrogen mixed with a certain amount of carbon monoxide. With the use of oxygen along with catalysts such as copper, silvered copper, platinized copper or silver, the process is much more effective. Oxidation and dehydrogenation in the presence of hydrogen as diluent give yields corresponding to those obtained from the normal air process but with the additional formation of hydrogen. The results confirm the possibility of producing formaldehyde with practically the same yield as is normally obtained. Air is replaced by a mixture of oxygen and residual gas containing hydrogen, and by increasing the rate or volume of gases in circulation there is very good recovery of hydrogen. Since the cost of the oxygen used is less than half that of the hydrogen recovered, the method offers economic advantages.

**Leaf-roll Virus in Potato Tubers.**

Storage conditions which would cure leaf-roll virus-infected tubers have been worked out at *Rothamsted Experimental Station*. Tubers infected with leaf-roll virus are incubated at 37.50°C, in flat open dishes filled with water for various periods. The tubers removed from the incubator are stored under normal conditions until they sprout. The unheated tubers produced typical leaf-roll plants; those heated for periods between 10 and 20 days showed typical symptoms, and none of the tubers that survived 25 or more days heating produced leaf-roll plants.

# THREE YEARS OF GAS MANUFACTURE IN F. A. C. T.

In Fact Vol. 4, No. 9 was published an article under the above caption. The accompanying table is an appendix to that article.

| | | 1947 | 1948 | 1949 |
|---|---|---|---|---|
| 1. Wood used | Vol. tons. | 37,554* | 51,436 | 48,714 |
| 2. " dry | S. Tons. | 30,916 | 47,648 | 46,045 |
| 3. Producer gas made | 1000Cu.ft. | 18,57,540 | 26,07,777 | 25,03,367 |
| (A) PG issued to hydrogen manufacture | " | 15,11,352@ | 23,69,839 | 23,00,608 |
| (B) " to $N_2$ manufacture | " | 78,131 | 1,48,968 | 1,55,503 |
| (C) " issued to Synthesis Divn. | " | 76,856 | 5,009 | 2,366 |
| (D) " " " Sulphate " | " | 10,409 | 65,363 | 35,765 |
| (E) " " " Lab. & Colony | " | 11,937 | 9,150 | 9,125 |
| (F) Tar collected | Gallons | 95,520 | 3,85,944 | 7,87,734 |
| (G) Ash collected | Cu. ft. | 8,483 | 32,900 | 27,600 |
| (H) Soda ash used | S. Tons. | Nil | 379.7≠112.48 ($NH_3$) | 448.96 |
| 4. Hydrogen issued | 1000Cu.ft. | 2,34,151@ | 5,49,015 | 6,06,042 |
| 5. Nitrogen " | " | 99,232 | 2,22,790 | 2,15,655 |
| 6. Ammonia made | S. Tons. | 1,299.1≠ | 7,40.31 | 8,600.6 |
| 7. Dry wood/ammonia | lb/lb. | 17.5$ | 6.43 | 5.35 |

| P. Gas analysis | 6/47 | 1/48 | 6/48 | 1/49 | 6/49 | 12/49 |
|---|---|---|---|---|---|---|
| $CO_2$% | 9.1 | 7.2 | 6.2 | 6.9 | 8.1 | 8.1 |
| $O_2$% | 0.2 | 0.2 | 0.2 | 0.2 | 0.2 | 0.2 |
| CO% | 27.0 | 22.0 | 29.4 | 28.1 | 26.1 | 26.5 |
| $H_2$% | 15.0 | 13.7 | 13.9 | 13.9 | 14.2 | 16.3 |
| $CH_4$% | 2.0 | 3.9 | 3.7 | 3.7 | 4.0 | 3.4 |
| $N_2$% | 57.8 | 48.0 | 46.6 | 47.2 | 47.4 | 45.5 |
| $CO+H_2$% | 37.0 | 40.7 | 43.3 | 42.0 | 40.3 | 42.8 |
| Gas per lb. of wood dry. c. ft/lb. | 30.0 | | 27.3 | | | 27.2 |

* From February, 1947

≠ From June, 1947

@ From May, 1947

$ From July to January.

# സഹകരണത്തിലൂടെ കാർഷികാഭിവൃദ്ധി.

N. R. N.

വിസ്താരം കുറഞ്ഞ വിളഭൂമികൾ, പരിമിതങ്ങളായ പ്രവർത്തനോപാധികൾ— ഇന്ത്യയിലെ കാർഷിക വ്യവസ്ഥിതിയുടെ പ്രത്യേകതകളാണ് ഇവ രണ്ടും. സങ്കുചിതങ്ങളായ ഈ സാഹചര്യങ്ങളിൽ കാർഷികാഭിവൃദ്ധിയും കർഷകരുടെ വരുമാനവും ഒരു പരിധിക്കപ്പുറം ഉയരാൻ തരമില്ല. ജനസംഖ്യ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും, കൃഷിയിൽനിന്ന് ജനങ്ങളെ ആകർഷിച്ചുകററിയെടുക്കുവാൻ തൃപ്തികരമായ തോതിൽ മററു സാമ്പത്തിക വ്യാപാരങ്ങൾ വളരാതിരിക്കയും ചെയ്യുന്നിടത്തോളംകാലം, ഈ മൗലികമായ പ്രത്യേകതകൾ രാജ്യത്തിന്റെ പുരോഗതിയുടെ മുമ്പിൽ മഹാപ്രശ്നങ്ങളായി അവശേഷിക്കും.

ഉൽപ്പാദനഘടകങ്ങൾ ഇങ്ങനെ പരമദരിദ്രമാംവിധം സങ്കുചിതമായിരിക്കുന്നതിനാലാണ്, ഇന്ത്യയിലെ കർഷകർ നാനാവിധമായ ചൂഷണത്തിന് നിസ്സഹായരായി വിധേയരാകുന്നത്. കാർഷികാഭിവൃദ്ധിക്കും, കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഏററവും അടിയന്തിരമായി ചെയ്യേണ്ടതു്, ഈ ചെറുകിട പ്രവർത്തനത്തിന്റെ ദൂഷ്യവശങ്ങൾ കഴിയുന്നത്ര പരിഹരിക്കുകയത്രെ.

സഹകരണപ്രസ്ഥാനം ഒന്നുകൊണ്ടു മാത്രമെ ബഹിർമുഖമായ കാർഷികദൂഷ്യങ്ങൾ പരിഹരിക്കാൻ സാധിക്കയുള്ളുവെന്ന് ഈ പ്രശ്നത്തെക്കുറിച്ച് അവഗാഢമായി ചിന്തിച്ചിട്ടുള്ളവരെല്ലാം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. പലിശ കുറഞ്ഞ വായ്പകൾ, വളം, വിത്ത്, ഉപകരണങ്ങൾ, സാങ്കേതികസഹായം തുടങ്ങി വിഘടിച്ചു നിൽക്കുന്ന ചെറുകിട കൃഷിക്കാർക്ക് ലഭ്യമല്ലാതിരിക്കുന്ന പലവിധ ആനുകൂല്യങ്ങളും സഹകരണസംഘങ്ങളിൽക്കൂടി അവർക്കു സ്വായത്തമാക്കാൻ സാധിക്കും. മാത്രമല്ല, കമ്പോളത്തിന്റെ ഗതിവിഗതികളനുസരിച്ച് നല്ല വിലക്ക് ഉൽപ്പന്നങ്ങൾ വിററഴിക്കുവാനും സഹകരണാധിസ്ഥാനത്തിലുള്ള കാർഷികഘടകങ്ങൾക്കു കഴിയും.

ഇതിൽ വായ്പയുടെ കാര്യത്തിനുവേണ്ടിമാത്രം പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ മാത്രം ഇന്ത്യയിൽ ധാരാളമുണ്ട്. മററു പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളും അവിടവിടെ ഇല്ലാതില്ല. ഏതായാലും സഹകരണത്തിൽക്കൂടി കൃഷിത്തൊഴിലിനെ ഐശ്വര്യപൂർണ്ണമാക്കുന്നതിന് വിപുലമായ സാധ്യതകൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നുള്ളതു് തർക്കമററ സംഗതിയാണ്.

കാർഷികസംഘടനകളിൽ വളരെ പരീക്ഷണങ്ങൾ വിദേശങ്ങളിൽ ഇതിനകം നടന്നിട്ടുണ്ട്. സർക്കാരിന്റെ ആഭിമുഖ്യത്തിൽ റഷ്യയിൽ നടന്നുവരുന്ന കൂട്ടുകൃഷിസമ്പ്രദായത്തെക്കുറിച്ച് ഇന്ത്യയിൽ സാമാന്യമായ അറിവു ലഭിച്ചിട്ടുണ്ട്. പക്ഷെ, അത്രത്തോളംതന്നെ വിജയകരമായി കഴിഞ്ഞ ഒരു ദശാബ്ദമായിട്ട് പാലസ്റ്റൈനിൽ നടന്നുവരുന്ന കൂട്ടുകൃഷി സമ്പ്രദായത്തെക്കുറിച്ച് ഇന്ത്യയിൽ വേണ്ടത്ര അറിവു ലഭിച്ചിട്ടില്ല.

എഫ്. ഏ. ഓ.-യുടെ ആഭിമുഖ്യത്തിൽ ലക്നോവിൽ ചേർന്ന കോ-ഓപ്പറേറീവ്സിന്റെ, സാങ്കേതികയോഗത്തിൽ, ലോകത്തിൽ ഈ രംഗത്ത് ഇതിനകം നടന്നിട്ടുള്ള പരീക്ഷണങ്ങളെക്കുറിച്ച് വിജ്ഞേയമായ വിവരങ്ങൾ വെളിപ്പെടുകയുണ്ടായി. ഇന്ത്യയിലെ ഇന്നത്തെ സാഹചര്യങ്ങളിൽ നമുക്ക് ഈ വിവരങ്ങൾ അത്യന്തം പ്രയോജനപ്രദമാണ്.

സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായത്തിന്റെ ഗുണങ്ങൾ പലതാണ്. അതു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഉൽപ്പാദനച്ചിലവ് ലഘൂ

കരിക്കയും ചെയ്യുന്നു. കേന്ദ്രീകൃതമായ ഭരണത്തിന്റെയും, വികേന്ദ്രീകൃതമായ നിയന്ത്രണത്തിന്റെയും സകല പ്രയോജനങ്ങളും അതിൽ ഉൾക്കൊള്ളുന്നു. വിദഗ്ദ്ധന്മാരുടെ സേവനം, പ്രവർത്തനമാർഗ്ഗങ്ങൾ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ ഉപകരിക്കുന്നു. ഉല്പാദനോപാധികളുടെ പരിപൂർണ്ണമായ വിനിയോഗത്തെ സാധ്യമാക്കത്തക്കവിധം തൊഴിൽ വിഭജനതത്വം പ്രയോജനത്തിൽ കൊണ്ടുവരുന്നതിനും സഹകരണ കൃഷിസമ്പ്രദായത്തിന് കഴിയും. വാണിജ്യപരമായ ക്രയവിക്രയങ്ങൾ ഏററവും ആദായകരമായി നടത്തുന്നതിനും വൻകിട ഉൽല്പാദനഘടകമായ ഓരോ സംഘടനക്കും സാധിക്കും. ചെറുകിട കൃഷിക്കാരുടെ ധനസ്ഥിതിക്ക് ഒരിക്കലും വിധേയമാകാത്തതരം വൻകിട യാന്ത്രികോപകരണങ്ങൾകൊണ്ട് കൃഷി ശാസ്ത്രീയവും ആദായകരവുമായി നിർവ്വഹിക്കാൻ സഹകരണഘടകങ്ങൾക്ക് വിഷമം കാണുകയില്ല.

സഹകരണസമ്പ്രദായമോ, അല്ലെങ്കിൽ കൂട്ടുകൃഷി സമ്പ്രദായമോ ആണ് ഇന്ത്യയിലെ സാഹചര്യങ്ങൾക്ക് ഏററവും യോജിച്ചതെന്ന് ഏതാണ്ട് പത്തുവഷം മുമ്പ് നാഷനൽ പ്ലാനിങ്ങ് കമ്മററി ശുപാശ് ചെയ്തിരുന്നു. പക്ഷെ ഈ പ്രസ്ഥാനം പ്രായോഗികമായിട്ട് നമ്മുടെ നാട്ടിൽ ഇപ്പോഴും വളരെയൊന്നും മുന്നോറിയിട്ടില്ലെന്നുള്ളതാണ് പരമാത്ഥം.

സഹകരണാടിസ്ഥാനത്തിൽ കാഷിക സംഘടനകൾ ആവിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് ബോംബെ പ്രവിശ്യയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഈ സംരംഭത്തിന് സൗകര്യം നൽകത്തക്കവിധം ബോംബെയിലെ കൊ-ഓപ്പറേററിവ് സൊസൈററീസ് ആക്റ്റ് ഭേദഗതി ചെയ്തിട്ടുമുണ്ട്. ഒരു പ്രദേശത്തെ അറുപത്താറ ശതമാനം കഷകരും സഹകരണാടിസ്ഥാനത്തിൽ സംഘടിക്കയാണെങ്കിൽ ബാക്കിയുള്ളവരും ആ സംഘടനയിൽ ചേർന്നുകൊള്ളണമെന്ന് ഒരു നിർബ്ബന്ധ വ്യവസ്ഥ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇമ്മാതിരി സംഘടയിൽ ചേർന്നിട്ടുള്ള പാട്ടകുടിയാനെ, വസ്തു ഒഴിപ്പിക്കാൻ പാടില്ലെന്ന ഒരു നിയമാനുകൂല്യവും ബോംബെ ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. കർഷക സഹകരണസംഘങ്ങൾ ഭൂമി തീറുവാങ്ങുന്നതിനെ സഹായിക്കത്തക്ക നിയമനിർമ്മാണവും ബോംബെയിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു.

കാർഷികസംഘടനകൾ മൂന്നു തരത്തിൽ ആകാമെന്നാണ് ഇതു സംബന്ധിച്ച് പരീക്ഷണങ്ങൾ നടത്തിയിട്ടുള്ള വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

ഇതിൽ ആദ്യത്തേത്, സാധാരണ സംഘങ്ങളിൽ ചെറുകിട കൃഷിക്കാർ അവരുടെ ഭൂമി മുഴുവൻ സഹകരണാടിസ്ഥാനത്തിൽ വിട്ടുകൊടുത്തിട്ട്, തിരഞ്ഞെടുക്കപ്പെട്ട ഒരു നിർവ്വാഹക സമിതിയുടെ നിർദ്ദേശമനുസരിച്ച്, പൊതുഭൂമിയിൽ പ്രവർത്തിയെടുക്കുകയും ചെയ്യുന്ന പതിവാണ്. അവർ ഓരോരുത്തരും ചെയ്യുന്ന ജോലിക്ക് കൂലി കൊടുക്കുകയും ആദായത്തിന്റെ ഒരംശം ഓരോരുത്തരുടേയും ഭൂമിയുടെ വിസ്തീർണ്ണക്രമമനുസരിച്ച് ഡിവിഡൻറായി വീതിക്കുകയും ചെയ്യുന്നു. ഓരോരുത്തരും ചെയ്തിട്ടുള്ള ജോലിയുടെ ക്രമമനുസരിച്ച് ആദായവീതവും വിതരണം ചെയ്യും. ഉല്പന്നങ്ങൾ പൊതുമുതലായി ഒരുമിച്ചു വിൽക്കുകയാണ് പതിവ്.

ജലസേചനം, വാണിജ്യബന്ധങ്ങൾ, വൻതരം യാന്ത്രികോപകരണങ്ങളുടെ വിനിയോഗം ഈ കായ്യങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ രണ്ടാമതൊരിനത്തിൽ ഉൾപ്പെടും.

ഇന്ത്യയിലെ സാഹചര്യങ്ങൾക്ക് ഏററവും യോജിച്ചതെന്ന് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്ന കൂട്ടുകൃഷി സമ്പ്രദായമാണ് മൂന്നാമത്തെ വിഭാഗം. ഭൂമിയും മററ് ഉല്പാദനോപാധികളും പരിപൂർണ്ണമായി

ട്ടും സംഘടനക്ക് വിട്ടുകൊടുക്കുകയെന്നതാണ് അതിന്റെ മൗലികതത്വം. ആദ്യം ചൂണ്ടിക്കാണിച്ച രണ്ടുതരം സംഘടനകളിലും അംഗങ്ങൾക്ക് വസ്തുവിലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുന്നില്ല. കൂട്ടുകൃഷി സമ്പ്രദായത്തിലാകട്ടെ, 'പൊതുവുടമ' എന്ന തത്വം പരിപൂർണ്ണമായിട്ടും അംഗീകരിക്കപ്പെടുന്നു.

ഈ പ്രസ്ഥാനം അനുയോജ്യമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിന് ബൊംബെ ഗവണ്മെൻറ് ഒരു പഞ്ചവത്സരപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്ക് വർഷംപ്രതിയുള്ള ഭരണച്ചിലവിനത്തിൽ 61,000 രൂപായും, സഹായധനം നൽകുന്നതിന് 1,32,800 രൂപായും ഗവണ്മെൻറ് അനുവദിച്ചിരിക്കുന്നു. ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ അങ്ങിനെ പ്രായോഗികമാകുന്നതോടുകൂടി കൃഷിക്ക് ഇന്നു വേണ്ടിവരുന്നത്ര മനുഷ്യപ്രയത്നം ആവശ്യമായിരിക്കയില്ല. അങ്ങിനെ അധികപ്പററ വരുന്ന പ്രയത്നശേഷി പ്രയോജനപ്പെടുത്തുന്നതിലേക്ക് കുടിൽവ്യവസായങ്ങൾ വളർത്തുന്നതിനുള്ള പരിപാടികളും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇമ്മാതിരി സംരംഭങ്ങൾക്ക് ഗവണ്മെൻറ് നൽകാൻ ഉദ്ദേശിക്കുന്നത്, സംഘടനാപരവും സങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളാണ്. കൃഷിവിദഗ്ദ്ധന്മാരുടെ സേവനങ്ങൾ ആരംഭകാലങ്ങളിൽ ഈ സംഘടനകൾക്ക് സൗജന്യമായി ലഭിക്കുന്നതായിരിക്കും. സംഘടനകൾക്ക് വിട്ടുകൊടുക്കുന്ന ഭൂമിക്ക് ആദ്യത്തെ ഒരു വർഷത്തെ ഭൂനികുതി ഇളവുചെയ്തുകൊടുക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തരിശായി കിടക്കുന്ന ഭൂമികളിൽ കൃഷിചെയ്യാനുള്ള ശ്രമമാണെങ്കിൽ ആ പരിഷ്കരണത്തിന്റെ ചിലവ് ഗവണ്മെൻറ് മുടക്കുന്നതും അതിന്റെ നാലിലൊന്ന് സഹായധനമായി കണക്കാക്കുന്നതുമായിരിക്കും. യാന്ത്രികോപകരണങ്ങൾ വാങ്ങുന്നതിനും മററും വേണ്ടതായ മൂലധനം ഗവണ്മെൻറിൽനിന്നോ അല്ലാത്തപക്ഷം സഹകരണബാങ്കിൽനിന്നോ വായ്പയായി നൽകപ്പെടുന്നതായിരിക്കും.

ബോംബെയിൽ ഈ പ്രസ്ഥാനം ആദ്യത്തെ ചുവടുകൾ വച്ചുകഴിഞ്ഞിരിക്കുന്നു. 668 അംഗങ്ങളുള്ള 37 സഹകരണസംഘങ്ങൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 4951 ഏക്കർ ഭൂമിയിൽ ഈ സമ്പ്രദായത്തിലുള്ള കൃഷി തുടങ്ങിക്കഴിഞ്ഞു. നമ്മുടെ നാട്ടിലെ കർഷകസമുദായത്തിന്റെ വിവിധ വിഭാഗങ്ങളിൽ ഈ പ്രസ്ഥാനം ക്രമേണ പ്രചാരത്തിൽ വരുമെന്ന് നമുക്ക് ന്യായമായും പ്രത്യാശിക്കാം.

---

"ഞാൻ ആഫ്രിക്കയിൽ കടുവാകളെ വേട്ടയാടി"

"ആഫ്രിക്കയിൽ കടുവാകൾ ഇല്ലല്ലൊ!"

"ശരി; ഞാൻ എല്ലാററിനേയും ഒടുക്കിക്കളഞ്ഞു."

---

# വന പരിപോഷണം.

ഇന്ത്യയിലെ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ, ഡെറാഡൂൺ ഫോറസ്റ്റ് കോളേജിലെ ബിരുദദാന സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് രാജ്യവ്യാപകമായ ഒരു വന വികസന പരിപാടിയുടെ ആവശ്യകതയെക്കുറിച്ച് ഊന്നി പറയുകയുണ്ടായി. ഇത്രയും കാലം നാട്ടിൽ തുടർന്നുവന്ന നിർദ്ദാക്ഷിണ്യമായ വന നശീകരണത്തെ ശക്തിയായി ആക്ഷേപിച്ചതോടൊപ്പം, ആ നാശങ്ങളെല്ലാം ഉടനടി പരിഹരിക്കാനാരംഭിച്ചില്ലെങ്കിൽ നാട്ടിന് നേരിടേണ്ടിവരുന്ന ആപൽസന്ധി അതി ഭയങ്കരമായിരിക്കുമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു.

രാജ്യത്തിന്റെ ശ്രേയസ്സിന്, വനങ്ങൾ രണ്ടുവിധത്തിൽ അനുപേക്ഷണീയങ്ങളാണ്. തടിയുടേയും മററനവധി അസംസ്കൃത സാധനങ്ങളുടേയും പ്രകൃതിദത്തമായ ഭണ്ഡാഗാരങ്ങളാണവ. നാടിന്റെ ശീതോഷ്ണാവസ്ഥകളെ നിയന്ത്രിക്കുന്നതിലും ക്രമീകരിക്കുന്നതിലും വനങ്ങൾക്ക് അതിപ്രധാനമായ പങ്കുണ്ട്. ജീവത്തായ ഈ ചുമതലകൾ നിർവ്വഹിക്കുവാൻ സാധിക്കാത്തവിധം, വനങ്ങൾ നശിപ്പിക്കപ്പെടുമ്പോൾ രാജ്യത്തിന്റെ ഭാവിയെകുറിച്ച് അത്യധികമായ ആശങ്കകൾക്കവകാശമുണ്ട്.

നൂററാണ്ടുകളായിട്ട് ഇൻഡ്യയിലെ വനമേഖലകൾ മനുഷ്യന്റെ ദുരാഗ്രഹവുമായിട്ട് ഒരു ജീവൻമരണസമരം നടത്തിവരുന്നു. ആ പോരാട്ടത്തിൽ തോററുതോററ് പിൻവാങ്ങിവരികയാണ് അവകൾ. ശാസ്ത്രീയമായ വന പരിരക്ഷണ പരിപാടികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് വൈദേശിക ഭരണാധികാരികൾ കുററകരമായ വൈമുഖ്യം പ്രകടിപ്പിച്ചു. സക്കാരിന്റെ ഈ ഉദാസീനനയം നശീകരണശക്തികൾക്ക് സ്വാതന്ത്ര്യപ്രവർത്തനം അനുവദിച്ചു. അതി തീവ്രമായ ഒരു ജീവിതസമരത്തിന്റെ പാരുഷ്യത്താൽ പ്രേരിതരായ ജനസഞ്ചയം വനങ്ങളിൽ കണ്ടമാനം കൈകേറി. വനപ്രദേശങ്ങൾ അങ്ങിനെ ക്രമേണ സങ്കുചിതമായി എന്നുമാത്രമല്ല, അവയുടെ വിഭവസമൃദ്ധിക്കും കോട്ടം നേരിട്ടു. ഇതിന്റെ ദുരന്തഫലിതങ്ങൾ ദേശീയജീവിതത്തിന്റെ നാനാമുഖങ്ങളിലും അനുഭവപ്പെടാൻ തുടങ്ങിയിരിക്കയാണിപ്പോൾ. ദർശനീയങ്ങളായ വിളഭൂമികളും കായ്കറി തോപ്പുകളും മന്ദഹസിച്ചിരുന്ന സ്ഥാനങ്ങളിൽ ഇന്ന് ശൂന്യമായ മണൽപ്പരപ്പുകളും നിർജീവമായ കൽത്തിട്ടകളുമാണ് കാണപ്പെടുന്നത്. വർഷപ്പിഴകൾ സാധാരണമായിരിക്കുന്നു. ശീതോഷ്ണഭേദങ്ങൾക്ക് നേരിട്ടിരിക്കുന്ന ക്രമക്കേടുകൾമൂലം കൃഷീവലന്മാർക്ക് അവയെ വിശ്വസിക്കാൻ തരമില്ലെന്നുള്ള ഒരു ദുസ്ഥിതി വന്നുകൂടിയിരിക്കുന്നു. പ്രകൃതി ഒരു പ്രതികാരബുദ്ധിയോടുകൂടി പിണങ്ങിയിരിക്കയാണെന്നു തോന്നും, ഈ മട്ടുകളെല്ലാം കണ്ടാൽ.

ആശങ്കാജനകമായ ഈ അവസ്ഥാന്തരം സർദാർ പട്ടേലിനെ ചിന്തിപ്പിച്ചിരിക്കണം. ഗൗരവമായ പരിചിന്തനത്തിൽനിന്ന് അദ്ദേഹത്തിനുണ്ടായ നിഗമനങ്ങളാണ് ഡെറാഡൂണിലെ പ്രസംഗത്തിലടങ്ങിയിരിക്കുന്നതെന്നൂഹിക്കാം. ഇൻഡ്യയിലെ വനങ്ങളുടെ ആകെ വിസ്തീർണ്ണം 1,71,000 ചതു: മൈലാണ്. ഇതു് രാജ്യത്തിന്റെ വിസ്തീർണ്ണത്തിന്റെ 22½ ശതമാനത്തോളമേ ആകുന്നുള്ളു. ഈ ഉപഭൂഖണ്ഡത്തിന്റെ ശീതോഷ്ണാവസ്ഥകൾ ലഘൂകരിക്കുന്നതിനും, ഇവിടത്തെ ഭീമമായ ജനസാമാന്യത്തിന്റെ വനവിഭവങ്ങളുടെ ആവശ്യങ്ങൾ വേണ്ടത്ര നിർവ്വഹിക്കുന്നതിനും ഇത്രയും വനപ്രദേശം അപര്യാപ്തമാണെന്നതിന് സംശയമില്ല. ഇന്നത്തേതിന്റെ മൂന്നിലൊരംശം ഭൂമികൂടിയെങ്കിലും

വനപ്രദേശമാക്കി എടുക്കത്തക്ക പദ്ധതി ഇന്നത്തെ അടിയന്തിരാവശ്യമായിരിക്കുന്നു.

ഒരു കൂട്ടർ കളരിക്കു വെളിയിൽ നിൽക്കുമ്പോൾ മറ്റൊരു കൂട്ടർ കുറുപ്പിന്റെ നെഞ്ചിൽ കയറുന്ന ഒരു വിരോധാഭാസം ചരിത്രത്തിൽ കണ്ടുവരാറുണ്ട്. ഇൻഡ്യയിൽ വനങ്ങളുടെ കാര്യത്തിൽ തുടരേണ്ട നയത്തെ സംബന്ധിച്ചും ഇതുപോലെ തീവ്രമായ ഒരു അഭിപ്രായ വൈരുദ്ധ്യം കാണുമാറുണ്ട്. വന നശീകരണം നിർദ്ദാക്ഷിണ്യം തുടർന്നുപോയപ്പോൾ, നാട്ടിലെ ഒരു വിഭാഗം അതിന് കടകവിരുദ്ധമായ ഒരു നിലപാടെടുത്തു. വനങ്ങളിൽ സ്പർശിക്കുന്നതിനെതിരായി അവർ മുറവിളിക്കൂട്ടി. ഒരു ലുബ്ധന് അവന്റെ പൂഴ്ത്തിവയ്ക്കപ്പെട്ട നിധിയോടുള്ള മനോഭാവമാണ് ഇക്കൂട്ടർക്ക് ദേശീയ വനമേഖലകളോടുള്ളത്. ഏതുവിധമായ ചൂഷണവും, അതെത്രയ്ക്ക് ദേശശ്രേയസ്സിനുപകരിക്കുന്നതും ശാസ്ത്രീയവും ആയിരുന്നാൽപോലും, ഈ തീവ്രവാദികൾക്ക് അരോചകമാണ്. വിവേകപൂർവ്വമല്ലാത്ത ഈ അഭിപ്രായം പുലർത്തുന്നവർക്ക് ഒരു മറുപടിയെന്ന നിലയിലും സർദാറിന്റെ പ്രസംഗം പ്രാധാന്യമർഹിക്കുന്നു. അദ്ദേഹം പറയുന്നു: "സമ്പത്ത്നിർമ്മാണകങ്ങളായ സംരംഭങ്ങൾക്ക് പ്രകൃതിദത്തമായ വിഭവങ്ങൾ നാം ഉപയോഗിക്കതന്നെ വേണം. പക്ഷേ, ആവിടവുകൾ നികത്തി വളർച്ചയും ഉപഭോഗവും തമ്മിൽ പൊരുത്തപ്പെടുത്തി എടുക്കാനും ശ്രദ്ധിക്കണം. ശാസ്ത്രീയമായ ആസൂത്രണങ്ങളുടെ അടിസ്ഥാനതത്വം അതത്രെ." വനങ്ങളെ നിഷ്കൃഷ്ടമായി അവയുടെ പാട്ടിനു വിടുകയാണെങ്കിൽ അവ ഉപകാരങ്ങളെക്കാൾ ഉപദ്രവങ്ങൾക്ക് കാരണമായേക്കും. കൂടാതെ, തടി തുടങ്ങി ഒട്ടനവധി വിഭവവിശേഷങ്ങൾ നൽകുന്ന വനങ്ങളെ വേണ്ടത്ര ചൂഷണം ചെയ്യാതിരിക്കുന്നത്, ദേശീയ പുനഃസംവിധാനത്തിന്റെ ഈ അതിപ്രധാന ഘട്ടത്തിൽ ആത്മഹത്യാപരമായിരിക്കും.

വനങ്ങളെ പരിപൂർണ്ണമായും പ്രയോജനപ്പെടുത്താൻ, സംരക്ഷണ പരിപാടികളും ശാസ്ത്രീയമായ ചൂഷണ സംവിധാനങ്ങളും ഒരേ മട്ടിൽ നടന്നെങ്കിലേ സാധിക്കൂ. വനപരിരക്ഷണം ഒരു ലക്ഷ്യത്തിലേക്കുള്ള ഉപാധി മാത്രമാണ്. ആ ലക്ഷ്യമാകട്ടെ, ഉപയോഗ സാധനങ്ങൾ നിർമ്മിക്കുന്നതിലേക്ക് വനവിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ളതാണ്. ചൂഷണം എന്നത് ആദായകരമായും ശാസ്ത്രീയമായും നിർവ്വഹിക്കാൻ കഴിയുമെന്നതിനാൽ നശീകരണത്തിൽനിന്ന് തികച്ചും വ്യത്യസ്തമത്രെ. വനവൃക്ഷങ്ങൾ ക്രമാനുസരണം മുറിക്കുകയും തൽസ്ഥാനത്ത് വീണ്ടും വൃക്ഷങ്ങൾ വളരാനുള്ള ഏർപ്പാടു ചെയ്കയുമായിരിക്കണം ശാസ്ത്രീയമായ ഒരു പരിപാടിയുടെ ലക്ഷ്യം.

ഇൻഡ്യക്ക് കൂടുതൽ വനങ്ങളാവശ്യമാണെന്നുള്ളതിൽ തർക്കമില്ല. ഭാഗ്യവശാൽ ഇവിടെ ചെറുതെങ്കിലും സുശിക്ഷിതമായ ഒരു വനംവകുപ്പ് നിലവിലുണ്ട്. ശാസ്ത്രീയമായ സംരക്ഷണ വിനിയോഗ പരിപാടികൾ, പ്രവർത്തിയിൽ കൊണ്ടുവരാൻ തക്കവിധം ഈ വകുപ്പ് വികസിപ്പിച്ചാൽ മതിയാകും. ദീർഘദർശകവും, പ്രവർത്തനക്ഷമവുമായ ഒരു ദേശീയപദ്ധതിയാണ് ഇന്നത്തെ ആവശ്യം. കേന്ദ്രത്തിൽനിന്ന് ഇപ്പോൾ അസന്ദിഗ്ദ്ധമായ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന നിർദ്ദേശാനുസരണം, വിവിധ ദേശീയഘടകങ്ങൾ പ്രവർത്തനമാരംഭിക്കുമെന്നും, തൽഫലമായി നമ്മുടെ വനവിഭവങ്ങൾ രാജ്യശ്രേയസ്സിനെ വർദ്ധിപ്പിക്കാൻ കൂടുതൽ പ്രയോജകീഭവിക്കുമെന്നും നമുക്ക് ന്യായമായും പ്രത്യാശിക്കാം.

# ചെറുകിട വ്യവസായങ്ങൾ.

ചെറിയ തോതിലുള്ള വ്യാവസായിക ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഭദ്രമായ ഒരു ദേശീയ സാമ്പത്തിക വ്യവസ്ഥിതി ഇവിടെ കെട്ടിപ്പടുക്കണമെന്ന താത്വികമായ ഒരഭിപ്രായഗതിക്ക് മഹാത്മാ ഗാന്ധിതന്നെ നേതൃത്വം നൽകുകയുണ്ടായി. അങ്ങിനെ ഉന്നതന്മാരായ താത്വികാചാര്യന്മാരുടെ അനുഗ്രഹം സിദ്ധിച്ചതുകൊണ്ടു മാത്രമല്ല, സാമ്പത്തികമായ ഒരത്യാവശ്യമെന്ന നിലയിലും ഈ പ്രസ്ഥാനം അത്യധികമായ ശ്രദ്ധയെ അർഹിക്കുകയും ആകർഷിക്കുകയും ചെയ്യുന്നുണ്ട്. പ്രസിഡൻറ് ഡോക്ടർ രാജേന്ദ്രപ്രസാദ്, വ്യവസായമന്ത്രി ശ്രീ. ശ്യാമപ്രസാദ് തുടങ്ങി രാജ്യത്തിലെ അത്യുന്നത കേന്ദ്രങ്ങളിൽനിന്നുള്ള ചില പ്രസ്താവനകളിൽ ഈ പ്രസ്ഥാനത്തിൻെറ പ്രാധാന്യത്തെകുറിച്ച് സ്പർശിച്ചിരുന്നതു് അർത്ഥവത്താണ്.

വൻതരവും ഇടത്തരവുമായ വ്യവസായങ്ങൾ, അഭിമാനിക്കത്തക്ക ഒരു തോതിലല്ലെങ്കിലും, കുറെയൊക്കെ രാജ്യത്തു് വളൎന്നിട്ടുണ്ട്. ദേശീയ സുസ്ഥിതിക്ക് അവ അത്യാവശ്യമാണെന്ന സാമ്പത്തിക യാഥാർത്ഥ്യം വിവേകബുദ്ധിയുള്ളവരാരും അവഗണിക്കയില്ല. പക്ഷെ ഈ മാർഗ്ഗത്തിൽക്കൂടി മാത്രം രാഷ്ട്രത്തിൻെറ ഭാവി സാമ്പത്തികഘടന ആവിഷ്കരിക്കാൻ പലതുകൊണ്ടും അസാദ്ധ്യമാണ്. തൊഴിലില്ലായ്മകൊണ്ട് അങ്ങേഅററം വലയുന്ന ജനങ്ങൾക്കെല്ലാവൎക്കും തൊഴിൽ നൽകുന്നതിനോ, ഉൽപ്പന്നങ്ങളുടെ ദൗർല്ലഭ്യം കൊണ്ട് അടിക്കടി താണുകൊണ്ടിരിക്കുന്ന അവരുടെ ജീവിതത്തോതു് ഉയൎത്തുന്നതിനോ സാദ്ധ്യമാകത്തക്കവിധം വൻകിട വ്യവസായങ്ങൾ വളൎന്നിട്ടില്ല; സമീപഭാവിയിൽ വളരുവാൻ സാദ്ധ്യവുമല്ല.

ദേശീയാവശ്യങ്ങൾ നിൎവ്വഹിക്കുന്നതിന് വൻകിട സ്ഥാപനങ്ങളുടെ അനുബന്ധങ്ങളായുള്ള ചെറുകിട വ്യവസായഘടകങ്ങൾ അനുപേക്ഷണീയമായ ഒരത്യാവശ്യമാണ്. ഈ രണ്ടുതരം സ്ഥാപനങ്ങളും പരസ്പര മത്സരങ്ങളിൽ ഏൎപ്പെട്ട് അന്യോന്യം നശിപ്പിക്കാതിരിക്കത്തക്കവിധം, പരസ്പരാനുബന്ധങ്ങളായി വൎത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു വൻകിട വ്യവസായത്തിലെ ഉപോല്പന്നങ്ങളും, അനാവശ്യമായി മിച്ചം വരുന്ന വ്യൎത്ഥപദാൎത്ഥങ്ങളും ചില ചെറുകിട വ്യവസായങ്ങൾക്ക് അസംസ്കൃത സാധനമായി ഉപയോഗിക്കാൻ കഴിഞ്ഞേക്കും. ഫേയ്സ്പൂരിലെ കുപ്പിവള വ്യവസായം, അവിടത്തെ ഇലക്ട്രിക്ക് ബൾബ് ഫാക്ററികളിൽനിന്ന് പുറംതള്ളുന്ന സ്ഫടികക്ഷണങ്ങൾ അസംസ്കൃത പദാൎത്ഥമായി ഉപയോഗിക്കുന്നു. വലിയതും ചെറിയതുമായ വ്യവസായപ്രസ്ഥാനങ്ങൾ തമ്മിൽ ഉണ്ടാകാവുന്ന പരസ്പരസഹായകമായ സഹകരണബന്ധത്തിൻെറ ഒരു ദൃഷ്ടാന്തമാണിതു്. നേരെമറിച്ച് ചെറിയതും വലിയതുമായ വ്യവസായങ്ങൾ, ഒരേ അസംസ്കൃത പദാൎത്ഥത്തിൽനിന്ന് ഒരേ ജാതി ഉൽപ്പന്നം നിൎമ്മിച്ച്, ഒരേ കമ്പോളത്തിൽ വിൽക്കാൻ ശ്രമിക്കുന്നതു് ഇരുകൂട്ടൎക്കും മാത്രമല്ല, ദേശത്തിനു പൊതുവേയും ഹാനികരമായിരിക്കും. പരസ്പരം അടിസ്ഥാനമായിട്ടും, വിപണിയായിട്ടും ഭവിക്കത്തക്കവിധം രണ്ടു കിടയിലുമുള്ള വ്യവസായസ്ഥാപനങ്ങൾ വളരുവാനുള്ള സാദ്ധ്യതകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്.

അസംസ്കൃത സാധനങ്ങളുടെ കാൎയ്യത്തിൽ മാത്രമല്ല, തൊഴിൽപരമായിട്ടും സുചിന്തിതമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ വേണം വ്യവസായസംരംഭങ്ങൾ ആവിഷ്കരിക്കുവാൻ. ഓരോ ദേശത്തിനും ഓരോ . ജനവിഭാഗത്തിനും

അതതിൻേറതായ ചില സാങ്കേതിക പാരമ്പര്യം ഉണ്ടാകും. ആ പശ്ചാത്തലത്തിൽ വേണം പ്രദേശിക വ്യവസായ ഘടകങ്ങളുടെ പദ്ധതിക്ക് രൂപം കൊടുക്കുവാൻ. നെയ്ത്തുതൊഴിലിന് പേരെടുത്ത ഒരു പ്രദേശത്ത് ചെറിയൊരു എഞ്ചിനീയറിങ്ങ് വ്യവസായം സ്ഥാപിക്കുന്നത് ബുദ്ധിമോശമായിരിക്കും. പാരമ്പര്യമായി നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ജനസമൂഹം എൻജിനീയറിങ്ങ് തൊഴിലിൽ വളരെ ശോഭിക്കാൻ മാർഗ്ഗമില്ല.

വ്യവസായങ്ങളെ കുടിലുകളിലേക്ക് കൊണ്ടുചെല്ലുക; ഓരോ പ്രദേശത്തും സുലഭമായ വിഭവവിശേഷങ്ങളെ അങ്ങേഅററം പ്രയോജനപ്പെടുത്തുക; വിവിധ വ്യവസായ ഘടകങ്ങൾ തങ്ങളിൽ സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുക; നാട്ടിലെ ജീവിതത്തിൽ നിത്യോപയോഗത്തിനു വേണ്ടത്ര സാധനങ്ങൾ ആവശ്യമായ തോതിൽ ഉൽപ്പാദിപ്പിക്കത്തക്ക വിധം വിവിധ ഘടകങ്ങളുടെ പ്രവർത്തനത്തിന് ഒരു ഐകരൂപ്യവും ക്രമീകരണവുമുണ്ടാക്കുക; ഇവയെല്ലാമാണ് സുചിന്തിതമായ ഒരു വ്യവസായ പദ്ധതിയുടെ മൗലികതത്വങ്ങൾ. ദരിദ്രമൂകമായ ഇന്നത്തെ കുടിലുകളെ ഐശ്വര്യത്താൽ പ്രസന്നമാക്കുന്നതിന് അവധാനപൂർവ്വം ആവിഷ്കരിക്കുന്ന അത്തരത്തിലുള്ള ഒരു പദ്ധതിക്കേ സാധിക്കൂ.

ഒററ നോട്ടത്തിൽ അനാവശ്യമായ ആഡംബരസാധനങ്ങളെന്നു തോന്നിയേക്കാവുന്ന പല മികച്ച കലാസൃഷ്ടികളും ഇൻഡ്യയിലെ ബഹുലക്ഷം ജനങ്ങളുടെ നിത്യവൃത്തിക്കുള്ള മാർഗ്ഗമാണെന്ന കാര്യം മറക്കത്തക്കതല്ല. വിദേശ വിപണികൾക്കു വേണ്ടി അത്തരം കൗതുക സാമാനങ്ങൾ നിർമ്മിക്കുന്നതുകൊണ്ടാണ് അനേകം കുടുംബങ്ങൾ ഭക്ഷണം കഴിക്കുന്നത്.

ചെറുകിട വ്യവസായങ്ങൾ ഇൻഡ്യയുടെ രക്ഷാമാർഗ്ഗമാണ്. ചെറുകിട വ്യവസായങ്ങളുടെ രക്ഷാമാർഗ്ഗമൊ, തൊഴിൽക്കാരും വ്യവസായികളും സർക്കാരും തമ്മിലുള്ള സഹകരണവും.

ദേശവ്യാപകമായ ഒരു പരിപാടിക്ക് രൂപം കൊടുക്കുന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യം. ആ പരിപാടിയുടെ അടിസ്ഥാനത്തിൽ ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു ഭഗീരഥപ്രയത്നത്തിന് ജനവിഭാഗങ്ങൾ എല്ലാം തയ്യാറാകണം.

---

ആത്മബലിക്കുള്ള ആവേശം കാമത്തെക്കാളും വിശപ്പിനെക്കാളും ശക്തിയേറിയതാണ്. ഒരു വീഞ്ഞിനുമില്ല ഇത്രക്കു ലഹരി; ഒരു പ്രേമവും ഇത്രക്കു പ്രേരകമല്ല. ഒരു ദുരാസക്തിയും ഇത്രക്കു ദുർജ്ജയമല്ല. ആത്മബലിക്കൊരുങ്ങുന്ന മനുഷ്യൻ ഒരു നിമിഷത്തേക്ക് ദൈവത്തെക്കാൾ ദിവ്യനാകുന്നു; എന്തുകൊണ്ടെന്നാൽ, സർവ്വവ്യാപിയും സർവ്വശക്തനുമായ ഈശ്വരന് ആത്മാർപ്പണത്തിന് കഴിവില്ലല്ലൊ. അങ്ങേഅററം അദ്ദേഹത്തിനു കഴിയുന്നത് തൻേറ ഏക ഔരസസന്താനത്തെ ബലികൊടുക്കയാണ്.

സോമർസെററ് മോം.

---

# കൗതുക വാർത്തകൾ.

## കൃത്രിമ മഴ.

### ന്യൂയോക്കിലെ പരീക്ഷണങ്ങൾ.

ആവശ്യമുള്ളത്ര മഴ മുഴവൻ കൃത്രിമമായി പെയ്യിക്കുന്നതിന് ന്യൂയോക്കിൽ പരിശ്രമങ്ങൾ നടന്നുവരുന്നു. ഇതു സംബന്ധിച്ച് വിദഗ്ദ്ധന്മാക്ക് വളരെ പ്രത്യാശകളുണ്ടെങ്കിലും ആവശ്യാനുസരണം മഴ പെയ്യിക്കുകയൊ, പെയ്യിക്കാതിരിക്കുകയൊ ചെയ്വാൻ കഴിയുന്ന സുദിനം കാണ്മാൻ ജീവിച്ചിരിക്കാമെന്ന് അവക്കാക്കും വിശ്വാസമില്ല. പക്ഷെ, സാധാരണഗതിയിൽ പെയ്യാതിരുന്നേക്കാവുന്ന മഴകൾ പെയ്യിക്കുവാൻ കഴിയുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

ജലദൌല്ലഭ്യം ഒരു വല്ലാത്ത വിഷമപ്രശ്നമായിത്തീന്നതോടുകൂടി ന്യൂയോക്കിലെ വാട്ടർ കമ്മീഷണർ എസ്സ്. ജെ. കാർനിഹാസ്, കൃത്രിമ മഴയുടെ കാര്യത്തിൽ ഒന്നാമനായ ഡോക്ടർ ലാൻഗ് മൂയിർ എന്ന പ്രസിദ്ധ ശാസ്ത്രജ്ഞനുമായി സമ്പക്കത്തിൽ ഏപ്പെട്ടിരിക്കുന്നു. ഡോക്ടർ ലാൻഗ് മൂയിക്കും, അദ്ദേഹത്തിന്റെ സഹപ്രവത്തകനായ ഡോക്ടർ ഷേയിഫക്കും ഇതു സംബന്ധിച്ച് ദൃഢമായ ശുഭാപ്തിവിശ്വാസമുണ്ട്. കഴിഞ്ഞ വഷത്തിൽ ഇവർ ന്യൂ മെക്സിക്കോ മരുഭൂമിയിൽ കൃത്രിമമായി മഴ പെയ്യിക്കുകയുണ്ടായി. ഈ പരീക്ഷണസമയത്ത് പല സൈനികോദ്യോഗസ്ഥന്മാരും സന്നിഹിതരായിരുന്നു. 32,00,00,000 ഗ്യാലൻ വെള്ളം ആ കൃത്രിമ മഴയാൽ പെയ്യുകയുണ്ടായെന്ന് ഡോക്ടർ ലാൻഗ് മൂയിർ അവകാശപ്പെടുന്നു. ഈ അളവ് അത്രക്കു ശരിയാണോ എന്ന കാര്യത്തിൽ മറ്റു ചില വിദഗ്ദ്ധന്മാക്ക് തക്കമുണ്ടെങ്കിലും, വളരെ വഷങ്ങളായി മഴയില്ലാതിരുന്ന ആ മരുഭൂമിയിൽ ഒരു നല്ല മഴ പെയ്യിക്കുവാൻ ഡോക്ടക്ക് സാധിച്ചുവെന്നതിൽ ആക്കും അഭിപ്രായവ്യത്യാസമില്ല.

മഞ്ഞുകട്ടി ഉരുകുമ്പോഴത്തെ ചൂടും, വെള്ളം കട്ടിയാകുമ്പോഴത്തെ ചൂടും ഒന്നല്ല എന്ന ശാസ്ത്രതത്വമാണ് ഈ പരീക്ഷണങ്ങളുടെ അടിസ്ഥാനം. മിക്കവാറും എല്ലാ മേഘങ്ങളിലും ജലബിന്ദുക്കൾ ധാരാളമുണ്ടായിരിക്കുമെങ്കിലും, ഘനക്കുറവുകൊണ്ട് അവ ഭൂമിയിൽ വീഴുന്നില്ല. ഡോക്ടർ ഷേയിഫർ മഴ പെയ്യിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം ഇത്തരം മേഘങ്ങളിൽ 'ഡ്രൈ ഐസ്സ്' (ഘനീഭവിപ്പിച്ച ഇംഗാലാമ്ലവാതകം) വിതറുക എന്നതാണ്. അങ്ങനെ പെട്ടെന്നുണ്ടാകുന്ന അതിശൈത്യംകൊണ്ട് മേഘം മുഴവൻ ഘനീഭവിച്ച് മഴയായി വീഴും. ന്യൂയോക്കിൽ ഏതു മാർഗ്ഗമാണ് സ്വീകരിക്കാൻ പോകുന്നതെന്ന് ഇനിയും വെളിവായിട്ടില്ല.

വക്കീലന്മാരാണ് ഈ പരീക്ഷണങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തുന്നതു്. ഈ പരീക്ഷണം പ്രായോഗികമാകുന്നതോടുകൂടി രസാവഹങ്ങളായ ചില നിയമപ്രശ്നങ്ങൾ ഉദിക്കുമത്രെ. മേഘങ്ങളുടെ ഉടമസ്ഥാവകാശം ആക്കുമില്ലാതിരിക്കുന്നതിനാൽ ഒരാളുടെ ഭൂമിയിൽ പെയ്യേക്കുമായിരുന്ന മഴയെ മറ്റൊരാളുടെ ഭൂമിയിൽ പെയ്യിക്കുന്നതിന്റെ ന്യായാന്യായങ്ങൾ ചിന്തനീയമാണ്. വേറെ വിധത്തിലും ഈ പദ്ധതി വ്യവഹാരങ്ങൾക്ക് ഇടയാക്കിയേക്കും. ചില കൃഷികളുടെ ആവശ്യത്തിന് മഴ പെയ്യിക്കുമ്പോൾ, അതു് മറ്റു ചില കൃഷികൾക്ക് നാശഹേതുകമായേക്കാവുന്നതും, അതു് നഷ്ടപരിഹാര വ്യവഹാരങ്ങൾക്ക് വഴി തെളിയിച്ചേക്കാവുന്നതുമാണ്.

## വാത്താവിനിമയത്തിന് ആകാശലേഖനം.

പറന്നുകൊണ്ടിരിക്കുന്ന വിമാന

ങ്ങൾ തമ്മിൽ സന്ദേശങ്ങൾ കൈമാറുന്നതിന് പുതുതായി കണ്ടുപിടിച്ചിരിക്കുന്ന ഒരേർപ്പാടാണ് ആകാശലേഖനം. അക്ഷരങ്ങളുടെ ആകൃതി പ്രാപിക്കത്തക്കവിധം പുക പുറപ്പെടുവിച്ച് സന്ദേശാക്ഷരങ്ങൾ മുഴുവനും അന്തരീക്ഷത്തിൽ നിരത്തുന്നു. 10 അക്ഷരങ്ങളുള്ള ഒരു കുറിപ്പ് ഈ മട്ടിൽ എഴുതുന്നതിന് ഒന്നര മിനിട്ട് നേരവും, അഞ്ചു മൈൽ ആകാശവും വേണ്ടിവരുമത്രെ. എണ്ണ ചേരുന്ന ഏതോ ഒരു രാസവസ്തു കത്തിച്ചാണ് ഈ അക്ഷരങ്ങൾക്കു വേണ്ടതായ പുക നിർമ്മിക്കുന്നത്.

## റഷ്യയിൽനിന്ന് ആസ്ത്രേലിയായ്ക്കു് അമോണിയം സൾഫേറ്റു്.

ആസ്ത്രേലിയായിൽ അത്യന്താപേക്ഷിതമായിരിക്കുന്ന അമോണിയം സൾഫേറ്റ് റഷ്യയിൽനിന്നും ഇറക്കുമതി ചെയ്യാൻ സാദ്ധ്യതകളുണ്ടോ എന്ന് ആസ്ത്രേലിയാ ഗവണ്മെൻറ് ഉൽക്കണ്ഠാപൂർവ്വം പര്യാലോചിച്ചുവരുന്നു. അവിടത്തെ കരിമ്പ്, പുകയില മുതലായ കൃഷികൾക്ക് അമോണിയം സൾഫേറ്റ് കൂടിയേ തീരൂ.

ആസ്ത്രേലിയായിൽ വളരെ ചെറിയ തോതിൽ മാത്രമെ അമോണിയം സൾഫേറ്റ് ഉല്പാദിപ്പിക്കുന്നുള്ളുവെന്നും ആദ്യകാലങ്ങളിൽ പോരായ്മ നികത്തിയിരുന്നതു് ബ്രിട്ടനിലും റഷ്യയിലുംനിന്ന് ഇറക്കുമതി ചെയ്താണെന്നും, വ്യാപാരമന്ത്രി മി: മാക്ക് ഇവാൻ പറയുകയുണ്ടായി. തങ്ങളെക്കൊണ്ട് ഇതിൽ കൂടുതൽ സഹായമൊന്നും ചെയ്യാൻ കഴികയില്ലെന്ന് ബ്രിട്ടീഷ് ഗവണ്മെൻറ് പറഞ്ഞതിനെ തുടർന്നാണ് ഈ പുതിയ ഏർപ്പാടിന് ആസ്ത്രേലിയാ ശ്രമിക്കുന്നതു്.

## സുഗന്ധമുള്ള വസ്ത്രങ്ങൾ.

ആസ്ത്രേലിയായിലെ വനഭൂമികളിലെ ഹൃദ്യമായ സൗരഭ്യം വസ്ത്രങ്ങളിൽ കലർത്തി നിർമ്മിക്കാൻ ആരംഭിച്ചിരിക്കുന്നു. ഇത്തരം സുഗന്ധമുള്ള വസ്ത്രങ്ങൾ, മെൽബോണിൽ നടത്തിയ ഫാഷൻ പ്രദർശനത്തിൽ, അത്യധികമായ താല്പര്യത്തിന്നു പാത്രമായി. ഒരുമാതിരി ട്വീഡ് വസ്ത്രത്തിലാണ് ഈ സുഗന്ധം ആദ്യമായി ചേർത്തു നിർമ്മിച്ചതു്. ഇതു് തീക്ഷ്ണമായ ഒരു സുഗന്ധമല്ല; നേരിയ ഒരു സൗരഭ്യലേശം മാത്രമാണ്. തെരുവിൽകൂടി ഈ വസ്ത്രങ്ങൾ ധരിച്ചു നടക്കുമ്പോൾ സൗരഭ്യം അത്ര പ്രകടമായിരിക്കയില്ല. പുരമുറിക്കകത്തു് വസ്ത്രം അഴിച്ചു് തൂക്കുന്നതോടുകൂടി അതിൽനിന്നും ഹൃദ്യമായ ഒരു പരിമളം പുറപ്പെടാൻ തുടങ്ങും. ദീർഘകാലത്തെ ഗവേഷണങ്ങളുടെ ഫലമായി, വളരെയധികം പരാജയങ്ങളും ക്ലേശങ്ങളും അനുഭവിച്ചതിനെ തുടർന്നാണ് ഈ വിശിഷ്ട വസ്ത്രനിർമ്മാണം സാദ്ധ്യമായതു്.

വസ്ത്രം നിലനില്ക്കുന്നിടത്തോളം കാലം അതിൻെറ സൗരഭ്യവും നിലനില്ക്കുമെന്ന് ഇതിൻെറ നിർമ്മാതാക്കൾ അവകാശപ്പെടുന്നു. ഇതു് പലരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ഈ വസ്ത്രത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഓർഡറുകൾക്ക് യാതൊരു കണക്കുമില്ലപോലും.

## കള്ളനെ കളിപ്പിക്കുന്ന പെട്ടികൾ.

വളരെ ഈടുനില്ക്കുന്നതും കള്ളന്മാരുടെ പ്രയോഗങ്ങൾ ഫലപ്പെടാത്തതുമായ ഒരു പുതിയതരം പെട്ടികൾ ബ്രിട്ടനിലെ വ്യവസായപ്രദർശനത്തിൽ പ്രദർശിപ്പിക്കുന്നതാണ്. അലൂമിനിയത്തിൻെറ ഒരു സങ്കരലോഹംകൊണ്ട് നിർമ്മിതമായ ഈ പെട്ടി വളരെ ഘനം കുറഞ്ഞതാണ്. ഇതിൻെറ ശാസ്ത്രീയമായ സംവിധാനം അത്ഭുതകരമായ ഉറപ്പിന് നിദാനമാണത്രെ. ഒരിക്കൽ അടച്ചാൽ പിന്നീട് അതിൻെറ വശങ്ങൾ അത്യധികമായ ഉറപ്പോടുകൂടി പിടിച്ചിരുന്നുകൊള്ളും.

## പുതിയ മൂലധാതു.

ഇതുവരെ അറിയപ്പെട്ടതിലേക്കും ഏറ്റവും ഘനം കൂടിയതായ തൊണ്ണൂറ്റി ഏഴാമത്തെ മൂലധാതുവായി 'ബെർക്കിലിയം' ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. താല്ക്കാലികമായി ബെർക്കിലിയം എന്നാണ് ഇതി

ന പേരിട്ടിരിക്കുന്നത്. 'ബെർക്ലി' നഗരത്തിൽവച്ച് കണ്ടുപിടിക്കപ്പെട്ടതുകൊണ്ടാണ് ഇതിന് ഈ പേരിട്ടത്. കൃത്രിമമായി നിർമ്മിക്കപ്പെടുന്ന അഞ്ചാമത്തെ മൂലധാതുവാണിത്.

ഈ ശാസ്ത്രശാഖയിൽ ഇതിനുമുമ്പ് പലേ നേട്ടങ്ങളുംകൊണ്ട് സുപ്രസിദ്ധരായ ഡോക്ടർ സീബർഗ്ഗും സഹപ്രവർത്തകരുമാണ് ഈ കണ്ടുപിടിത്തത്തിന്റെ കർത്താക്കന്മാർ. ഇതിന്റെ പ്രായോഗിക പ്രയോജനങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് ഇനിയും അറിവായിട്ടില്ല.

## കല്ക്കരിയിൽനിന്ന് വെണ്ണ.

കല്ക്കരി വിറകായിട്ടുപയോഗിക്കുന്നതാണ് അതുകൊണ്ടുണ്ടാകുന്ന ഏററവും നിസ്സാരമായ പ്രയോജനം. കല്ക്കരി ഗവേഷണശാലയിൽ കൊണ്ടുപോയിഅതിൽനിന്ന് 20,00,00 ഉല്പന്നങ്ങളോളം സൃഷ്ടിക്കുന്ന ശാസ്ത്രജ്ഞന്മാരുടേയും രസതന്ത്ര വിദഗ്ദ്ധന്മാരുടേയും അഭിപ്രായമാണിത്.

ഉദാഹരണമായിട്ട്, ഓഹിയോയിൽ ഒരു ശാസ്ത്രജ്ഞൻ ഈയിടെ സാധാരണവെറും കല്ക്കരിയിൽനിന്ന് വെണ്ണ നിർമ്മിച്ചു. കാഴ്ചക്കും രുചിയിലും മണത്തിലും എല്ലാം അത് യഥാർത്ഥ വെണ്ണപോലെതന്നെ ആയിരുന്നു. ജീവരക്ഷകങ്ങളായ 'സൽഫാ ഔഷധങ്ങൾ' നിർമ്മിക്കുന്നതും കല്ക്കരിയിൽനിന്നാണെന്നുള്ള വാസ്തവം, കല്ക്കരിഖനികളിലെ തൊഴിലാളികൾക്ക് അഭിമാനത്തിനു വകയുള്ളതാണ്.

കല്ക്കരി നീറുമ്പോൾ അതിൽനിന്നും വാതകം ബഹിർഗ്ഗമിക്കുന്നുവെന്നും 'കോക്ക്' ബാക്കി വരുന്നുവെന്നും സാധാരണക്കാർക്കറിയാം. അപ്പോൾ പശിമയുള്ള ഒരു ദ്രാവകംകൂടി നിർഗ്ഗമിക്കുന്നുണ്ട്—കോൾടാർ. ഈ അത്ഭുതവസ്തുവിൽ നിന്നാണ് അനേകതരം രാസോല്പന്നങ്ങളുടെ നിർമ്മാണം സാദ്ധ്യമാകുന്നത്.

ഇരുപതാം നൂററാണ്ടിന്റെ ഭൗതിക പുരോഗമനത്തിന്റെ അസ്ഥിവാരം എണ്ണയാണെന്നാണ് അടുത്ത കാലംവരെ കരുതിപ്പോന്നിരുന്നത്. അതിനുശേഷം നാം കേട്ടു, 'റേഡിയം' നമുക്ക് ഒരത്ഭുതലോകം നിർമ്മിക്കാനുള്ള വഴികാട്ടി ആയിരിക്കുന്നുവെന്ന്. പക്ഷെ, എണ്ണ ദിവസം ചെല്ലുന്തോറും ദുർല്ലഭമായി വരുന്നു. റേഡിയമാകട്ടെ, കിട്ടാൻ വലിയ വിഷമവുമാണ്. എന്നാൽ കല്ക്കരിയാകട്ടെ, ലോകത്തിൽ വേണ്ടുവോളമുണ്ട്. ഒരു മൂവായിരം കൊല്ലക്കാലത്തെ ഉപയോഗത്തിനു വേണ്ടതായ കല്ക്കരിനിക്ഷേപങ്ങൾ ലോകത്തിൽ ഇനിയുമുണ്ടത്രെ. മാത്രമല്ല, കല്ക്കരിക്ക് നമുക്ക് എന്തെല്ലാം നൽകാൻ കഴിയും?

നിങ്ങൾക്കറിയാമൊ, നിങ്ങളുടെ വസ്ത്രത്തിന് അതിന്റേതായ വർണ്ണവിശേഷം നൽകിയത്, കല്ക്കരിയുടെ ഒരു ഉപോല്പന്നമായ ചായക്കൂട്ടാണെന്ന്. വിററാമിൻ, ഔഷധങ്ങൾ മുതലായ സാധനങ്ങളിലായി മനുഷ്യർ എത്രമാത്രം കല്ക്കരിയാണ് ഉള്ളിലാക്കുന്നത്! പരിഷ്കാരസമ്പന്നകളായ ആധുനിക വിലാസിനികൾ സ്വാംഗം പരിമളദ്രവ്യങ്ങൾ വാരി പൂശുമ്പോൾ, തങ്ങൾ ഉപയോഗിക്കുന്നത് കല്ക്കരിയിൽനിന്നുള്ള ഉല്പന്നവിശേഷങ്ങളാണെന്ന് ഓർക്കുന്നുണ്ടൊ? ടെലിഫോൺ ചെയ്യുമ്പോൾ നിങ്ങൾ കയ്യിലെടുത്തുപയോഗിക്കുന്ന 'സ്വനഗ്രാഹി'യുടെ രാസഘടനയിൽ ഭൂരിഭാഗവും കല്ക്കരിയാണ്. തലവേദന തോന്നുമ്പോൾ നിങ്ങൾ വിഴുങ്ങുന്ന ആസ്പിരിൻ ഗുളികയിലുമുണ്ട്, കല്ക്കരിയുടെ വലിയൊരംശം. നിങ്ങൾ സവാരിചെയ്യുന്ന മോട്ടോർ കാറിന്റെ ഉരുക്കുചട്ടത്തിന്റെ ലോഹക്കൂട്ടിൽ കല്ക്കരി കലർന്നിട്ടുണ്ട്. മാത്രമല്ല, അതിന്റെ സ്ഫടികപലകകളിൽ, ടയറിന്റെ റബ്ബറിൽ, ബ്രേക്കിന്റെ ദ്രാവകത്തിൽ ഇവയിലെല്ലാം കല്ക്കരി അടങ്ങിയിട്ടുണ്ട്. പെട്രോളാകട്ടെ, വളരെ വർഷങ്ങളായി കല്ക്കരിയിൽനിന്നും എടുക്കാറുണ്ടല്ലൊ.

ഒരു ടൺ കല്ക്കരിയിൽനിന്ന് 100 ഡോളർ വിലയുള്ള വസ്തുവിശേഷങ്ങൾ നിർമ്മിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും രസതന്ത്രജ്ഞന്മാർ പറയുന്നു: അവർ ഈ വേലകൾ മെല്ലെ തുടങ്ങിയിട്ടേ ഉള്ളുവെന്ന്. ഒരു പത്തു വർഷത്തിനുള്ളിൽ കല്ക്കരി കത്തിക്കുന്നതുപോലും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടുകയില്ലെന്നാരറിഞ്ഞു!

# വിശേഷ കുറിപ്പുകൾ.

## പൊട്ടാസിയം പേർമാംഗ്നേററ് വ്യവസായം.

പൊട്ടാസിയം പേർമാംഗ്നേററിൽ ചുമത്തിവന്നിരുന്ന സംരക്ഷണനികുതി, ഒരു റവന്യൂ നികുതിയായി മാററുവാൻ ഇൻഡ്യാ ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നു. ടാരിഫ് ബോർഡിൻെറ ശുപാശ അനുസരിച്ചാണ് ഗവണ്മെൻറ് ഈ തീരുമാനം കൈക്കൊണ്ടതു്. ഉല്പാദന കഴിവിൻെറ അഞ്ചിലൊരംശം മാത്രമേ ഇൻഡ്യയിൽ ഈ വ്യവസായം ഉല്പാദിപ്പിക്കുന്നുള്ളുവെന്നും, അതു് നാട്ടിൻെറ ആവശ്യത്തിൻെറ പത്തിലൊരംശം മാത്രമേ നിറവേററുന്നുള്ളു എന്നും ടാരിഫ് ബോർഡു് അഭിപ്രായപ്പെടുകയുണ്ടായി.

## ഹിന്ദുസ്ഥാൻ എയർക്രാഫ്ററ്.

1950 മാർച്ചോടുകൂടി അവസാനിക്കുന്ന വ്യവസായവത്സരത്തിൽ ഹിന്ദുസ്ഥാൻ എയർക്രാഫ്ററ് കമ്പനിയിൽനിന്ന് രണ്ടുകോടി രൂപയുടെ ചരക്കുകൾ വിററിരിക്കുമെന്ന് പറയപ്പെടുന്നു. ഇതിനു മുമ്പിലത്തെ വർഷത്തിൽ ഇതു് ഒന്നേമുക്കാൽ കോടി മാത്രമായിരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ കമ്പനി നടത്തിപ്പിൻെറ സ്ഥിതിവിവരങ്ങളാണ് ചുവടെ ചേർക്കുന്നതു്.

| | | | | |
|---|---|---|---|---|
| 1945-46 | 16.38 | ലക്ഷം | രൂപാ | നഷ്ടം. |
| 1946-47 | 6.0 | ,, | ,, | ,, |
| 1947-48 | 9.3 | ,, | ,, | ലാഭം. |
| 1948-49 | 14.5 | ,, | ,, | ലാഭം. |
| 1949-50 | 8.8 | ,, | ,, | ലാഭം. |

(ഏകദേശം)

## പത്രക്കടലാസ്സു് മിൽ.

പ്രതിവർഷം 30000 ടൺ പത്രക്കടലാസ് നിർമ്മിക്കാൻ കഴിയുന്ന ഒരു വ്യവസായശാല മദ്ധ്യപ്രദേശത്തു് സ്ഥാപിക്കുവാൻ പോകുന്നതായി, വ്യവസായ മന്ത്രി പാർലമെൻറിൽ പ്രസ്താവിക്കയുണ്ടായി. ആവശ്യമായ ഉരുക്കും സിമെൻറും ഇതിനകം അനുവദിച്ചുകഴിഞ്ഞു. വ്യവസായശാലാ നിർമ്മാണം തൃപ്തികരമായി പുരോഗമിക്കുന്നു. അമേരിക്കയിൽനിന്ന് യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനും സൌകര്യങ്ങൾ നല്കിയിട്ടുണ്ട്.

## പെട്രോൾ ചിലവു്.

ഈ അടുത്ത വർഷങ്ങളിലായി രാജ്യത്തിലെ പെട്രോൾ ചിലവു് ക്രമാധികം വർദ്ധിച്ചിട്ടുണ്ടു്. 1940-ൽ അവിഭക്തമായ ഇൻഡ്യയ്ക്കു് മുഴുവൻകൂടി പട്ടാളാവശ്യങ്ങൾ ഉൾപ്പെടെ 8½ കോടി ഗ്യാലൻ പെട്രോളാണ് പ്രതിമാസം ചിലവായിരുന്നതു്. ഇപ്പോൾ റേഷൻ വിതരണത്തിന്, പട്ടാളച്ചിലവു കൂടാതെ 12 കോടി ഗ്യാലൻ പെട്രോൾ നമുക്ക് പ്രതിമാസം വേണ്ടിവരുന്നു. പെട്രോൾകൊണ്ടു് ഓടിക്കുന്ന വണ്ടികൾ ഇന്ന് 284000—ത്തോളം വരും. 1940-ൽ ഇതു് 1,70,000 മാത്രമായിരുന്നു. ഒരു വാഹനത്തിന് പ്രതിവർഷം 1000 ഗ്യാലൻവച്ചു് കണക്കുകൂട്ടിയാൽ ഓരോ വർഷവും 284 കോടി പെട്രോൾ വേണ്ടിവരും. ആവശ്യത്തിൻെറ പകുതിവരെ വെട്ടിക്കുറച്ചിരിക്കയാണ് ഇന്നു് ചിലവു്.

## തൊഴിലാളി സംഘടനകൾ.

ഇൻഡ്യയിലെ കേന്ദ്ര തൊഴിലാളിസംഘടനകൾ ഓരോന്നും അവയ്ക്കുണ്ടെന്നവകാശപ്പെടുന്ന പ്രാതിനിദ്ധ്യത്തിൻെറ വിവരങ്ങൾ തൊഴിൽകാര്യമന്ത്രി പാർലമെൻറിൽ പ്രസ്താവിക്കുകയുണ്ടായി. അതു ചുവടെ ചേർക്കുന്നു.

### ഐ. എൻ. ടി. യു. സി.

853 യൂണിയനുകളിലായി 1,199,629 തൊഴിലാളികളുടെ പ്രാതിനിധ്യം.

## ഹിൻഡു് മസ്ദൂർ സഭ:—

413 യൂണിയനുകളിലായി 6,46,921 തൊഴിലാളികളുടെ പ്രാതിനിധ്യം.

## എ. ഐ. ടി. യു. സി.:—

744 യൂണിയനുകളിലായി 5,27,662 തൊഴിലാളികളുടെ പ്രാതിനിധ്യം.

ഈ അവകാശവാദങ്ങളോരോന്നും എത്രമാത്രം കണിശമാണെന്നു് ഗവണ്മെൻറ് പരിശോധിച്ചുനോക്കിയിട്ടില്ലെന്നും, അന്തർദ്ദേശീയസമ്മേളനങ്ങൾക്കു് ഈ മൂന്നു സംഘടനകളേയും ക്ഷണിക്കുന്ന പതിവാണു് ഗവണ്മെൻറിനുള്ളതെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ ഓരോ കേന്ദ്രസംഘടനകളും മറ്റൊന്നിനോടു് യോജിക്കാൻ സാധിക്കാതെയാണു് കണ്ടിട്ടുള്ളതെന്നതിനാൽ, കൂടുതൽ പ്രാതിനിധ്യം അവകാശപ്പെടുന്ന സംഘടനയുടെ നാമനിർദ്ദേശം സ്വീകരിക്കാനേ ഗവണ്മെൻറിനു് നിർവ്വാഹമുള്ളുവെന്നും തൊഴിൽമന്ത്രി പ്രസ്താവിക്കയുണ്ടായി.

## ഐ. എൻ. ഒ. യുടെ പ്രാദേശിക പരിശീലന പദ്ധതി.

ഐ. എൻ. ഒ. യുടെ (ഇൻറർനാഷനൽ ലേബർ ഓഫീസ്) ബാംഗ്ലൂരിലെ ഏഷ്യൻ ഫീൽഡ് ഓഫീസിൻെറ ആഭിമുഖ്യത്തിൽ ഒരു പ്രാദേശിക പരിശീലന പരിപാടി ആരംഭിക്കുവാൻ പോകുന്നതായി അറിയുന്നു. ഏഷ്യൻ ഗവണ്മെൻറുകളിലെ ഉദ്യോഗസ്ഥന്മാർക്കു് തൊഴിൽപരമായ പരിശീലനം നൽകുക എന്നതാണു് തല്ക്കാലം ഈ പദ്ധതിയുടെ ഉദ്ദേശം. ഈ ഉദ്യോഗസ്ഥന്മാർക്കു് വീണ്ടും അവരവരുടെ രാജ്യങ്ങളിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തിക്കുവാൻ, ഇവിടെ ലഭിക്കുന്ന പരിശീലനം ഉപകരിക്കും. പ്രാദേശികമായ ആവശ്യങ്ങൾക്കു് പരിഗണന നൽകിക്കൊണ്ടായിരിക്കും പരിശീലനം നടത്തുന്നതു്. പദ്ധതിയുടെ ധനപരമായ ഉത്തരവാദിത്വം ഐ. എൻ. ഒ. വഹിക്കുന്നതായിരിക്കും. ആദ്യത്തെ പരിശീലനകാലം ആറു മാസവും അതിൽപിന്നീടു് മുമ്മൂന്നു മാസവും നിലനില്ക്കും. വ്യാവസായികവും തൊഴിൽപരവുമായി പ്രയോജനകരങ്ങളായ പലേ വിഷയങ്ങളിലും പരിശീലനം നൽകുന്ന ഒരു പദ്ധതിയായിരിക്കും ഇതു്.

## ഉഷ്ണകാലത്തെ അപകട വർദ്ധനവു്.

ഉഷ്ണകാലത്തു് വ്യവസായശാലകളിൽ അപകടങ്ങൾ അധികമായി സംഭവിക്കുന്നെന്നു് അമേരിക്കയിൽ ശേഖരിച്ച കണക്കുകളിൽനിന്നു് വ്യക്തമാകുന്നു. വിഷമംകൂടിയ പണികൾ വേനൽക്കാലത്തു് അധികമായി ചെയ്യപ്പെടുന്നതുകൊണ്ടും, ഉഷ്ണംകൊണ്ടു് ക്ഷീണവും തളർച്ചയും ഉണ്ടാകുന്നതുകൊണ്ടും, അതിനാൽ രക്ഷാവ്യവസ്ഥകൾ അനാദരിക്കപ്പെടുന്നതുകൊണ്ടും മററുമാണത്രെ അപകടങ്ങൾ ഈ കാലങ്ങളിൽ അധികമുണ്ടാകുന്നതു്.

## ചവററുകടലാസ്സിൽനിന്നു് നൂൽ.

ചപ്പുചവറുകൾ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ എല്ലാ വ്യവസായശാലകളിലും തുടർന്നുവരുന്നുണ്ടു്. കടലാസ്സു് മില്ലുകളിലെ ചപ്പുചവറുകളിൽനിന്നു് ട്വയിൻ, കടലാസ് സഞ്ചികൾ, ചരടുകൾ മുതലായവ നിർമ്മിക്കാൻ തുടങ്ങിയിരിക്കുന്നതു് ഈ തുറയിൽ ഒരു പുതിയ നേട്ടമാണു്.

വാഷിങ്ങ്ടണിലെ, പോർട്ടിക്കോ കോർപ്പറേഷൻ കടലാസ് കടഞ്ഞു് നൂലാക്കി നൂററെടുക്കുവാൻ കിനാവള്ളിപോലിരിക്കുന്ന ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. ഇതിൽ നൂററു് പിരിച്ചെടുക്കുന്ന നൂലുകൾ തിരശ്ശീല പണികൾക്കും മററും ഉപയോഗിക്കുവാൻ വളരെ നല്ലതാണത്രെ.

## ജലദോഷ ചികിത്സ.

സാധാരണ ജലദോഷം നിമിത്തം മറേറതെങ്കിലും കാരണത്തേക്കാളധികം, വ്യവസായശാലകളിൽ പണിമുടങ്ങിപ്പോകുന്നുണ്ടെന്നു് കണക്കുകൾ വ്യക്തമാക്കുന്നു. 'ആൻറി ഹിസ്ററാമിനിക്സ്' എന്ന പുതിയ ഔഷധത്തിൻെറ പ്രയോഗം ഈ ഉപദ്രവത്തെ ഒഴിക്കാൻ അത്യന്തം സഹായകമാണത്രെ. 572 പേരിൽ ഈ ഔഷധം പരീക്ഷിച്ചുനോക്കിയതിൽ 90 ശതമാനവും വിജയകരമായി അനുഭവപ്പെട്ടു. ജലദോഷ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്ന ആദ്യത്തെ മണിക്കൂറിൽതന്നെ ഔഷധപ്രയോഗം നടത്തണമെന്നു മാത്രം നിർബ്ബന്ധമുണ്ടു്. ചിലക്കു് ഈ ഔഷധം ഉപയോഗിച്ചാൽ കുറെനേരത്തേക്കു് ഒരു ഉണർവ്വില്ലായ്മപോലെ തോന്നും.

# CHEMICAL AND GAS ENGINEERING CONTRACTORS

SPECIALISTS IN DESIGN AND MANUFACTURE OF COMPLETE PROCESS PLANT & EQUIPMENT FOR

- PRODUCTION, COOLING AND PURIFICATION OF INDUSTRIAL GASES
- WATER GAS, PRODUCER GAS, HYDROGEN
- CATALYTIC PROCESSING OF GASES
- REFINING AND HYDROGENATION OF OILS AND FATS producing EDIBLE AND INDUSTRIAL OILS, HARDENED FATS, VEGETABLE GHEE, FATTY ACIDS, GLYCERINE
- CALCINATION OF LIMESTONE, DOLOMITE, AND MAGNESITE
- SULPHURIC ACID
- AMMONIA AND METHANOL SYNTHESIS
- AMMONIUM SULPHATE AND NITRATE
- DUST AND FUME CONTROL AND RECOVERY
- INDUSTRIAL CRYSTALLIZATION

Although specializing in the above plants we are fully equipped to undertake other new and original projects.

We are prepared to collaborate in design and specifications of plants planned by clients right through to manufacture, erection and putting to work.

*Illustrated bulletins describing the various types of plants available on request.*

THE POWER-GAS CORPORATION LTD

STOCKTON-ON-TEES ENGLAND

AND

P. O. BOX 1331, BOMBAY

ALSO

LONDON, AUSTRALIA, CANADA, SOUTH AFRICA